സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

## സംഗ്രഹം

തിരുവിതാംകൂർ ദേവസ്വം ബോർഡ് ക്ലാർക്ക്/സബ്ഗ്രൂപ്പ് ആഫീസർ തസ്തികയിലെ ഒഴിവുകൾ വിജ്ഞാപനം ചെയ്യുന്നത് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നമ്പർ: ആർ.ഒ.സി. 245/09/എസ്റ്റാ-1 നന്തൻകോട്, 07-03-2018

---

പരാമർശം :- (1) കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് സെക്രട്ടറിയുടെ 19-02-2018 ലെ 53/RECT/KDRB/2015 നമ്പർ കത്ത്.

(2) ദേവസ്വം കമ്മീഷണറുടെ 21-02-2018 ലെ ROC 147/08/Est-A റിപ്പോർട്ട്.

## ഉത്തരവ്

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ ക്ലാർക്ക്/സബ്ഗ്രൂപ്പ് ആഫീസർ തസ്തികയിലെ പ്രായപരിധി 18-35 എന്ന് രേഖപ്പെടുത്തി റിക്രൂട്ട്മെന്റ് ബോർഡിലേക്ക് റിപ്പോർട്ട് ചെയ്തിരുന്നുവെന്നും എന്നാൽ സംസ്ഥാന സർക്കാർ ജീവനക്കാരുടെ പെൻഷൻ പ്രായം 56 ആക്കി ഉയർത്തിയതിന്റെ അടിസ്ഥാനത്തിൽ G.O. M.S No. 28/12/P&ARD പ്രകാരം ഉയർന്ന പ്രായപരിധി 36 വയസ്സാക്കിയിട്ടുള്ളതായും അതിനാൽ തിരുവിതാംകൂർ ദേവസ്വം ബോർഡിൽ ഈ തസ്തികകളുടെ നിയമനത്തിനുള്ള പ്രായപരിധി എത്രയാണെന്നും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർക്ക് പ്രായപരിധിയിൽ ഇളവ് നൽകുന്നുണ്ടോ എന്നും മിനിസ്റ്റീരിയൽ തസ്തികയിലേക്ക് ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികൾ യോഗ്യരാണോ എന്നും ഭിന്നശേഷിക്കാർ ഏതൊക്കെ തസ്തികകളിൽ യോഗ്യരാണെന്നും ഉള്ള വിവരവും അറിയിക്കണമെന്നും കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് സെക്രട്ടറിയുടെ പരാമർശം 1 കത്തിൽ ആവശ്യപ്പെട്ടു.

തിരുവിതാംകൂർ ദേവസ്വം ബോർഡിലും പെൻഷൻ പ്രായം 56 ആക്കി ഉയർത്തിയിട്ടുള്ളതിനാൽ സർക്കാരിലെ ക്രമം ഉദ്യോഗാർത്ഥികളുടെ പ്രായപരിധി 36 ആക്കി നിശ്ചയിക്കാവുന്നതാണെന്നും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർക്ക് പ്രായപരിധിയിൽ ഇളവ് നൽകുന്നതിന്മേലും ഭിന്നശേഷിക്കാർ ഏതൊക്കെ തസ്തികയിൽ യോഗ്യരാണെന്ന് നിശ്ചയിക്കുന്നത് സംബന്ധിച്ചും ബോർഡ്തലത്തിൽ തീരുമാനമെടുക്കേണ്ടതാണെന്നും വിവരിച്ചുള്ള ദേവസ്വം കമ്മീഷണറുടെ പരാമർശം 2 റിപ്പോർട്ട് ലഭിച്ചു.

ബോർഡ് ടി വിഷയം പരിശോധിച്ച് ചർച്ച ചെയ്തു. തിരുവിതാംകൂർ ദേവസ്വം ബോർഡിലും പെൻഷൻപ്രായം 56 വയസ്സ് ആക്കി ഉയർത്തിയിട്ടുള്ളതിനാൽ സർക്കാരിലെ ക്രമം തിരുവിതാംകൂർ ദേവസ്വം ബോർഡിൽ വിവിധ തസ്തികകളിൽ അപേക്ഷിക്കുന്ന ഉദ്യോഗാർത്ഥികളുടെ പ്രായപരിധി 36 വയസ്സാക്കി നിശ്ച

(മറുപുറം)

യിച്ചും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് 5 വർഷവും പിന്നോക്കവിഭാഗത്തിൽപ്പെട്ടവർക്ക് 3 വർഷവും ഉയർന്ന പ്രായപരിധിയിൽ ഇളവ് അനുവദിക്കുന്നതിനും തിരുവിതാംകൂർ ദേവസ്വം ബോർഡിലെ എല്ലാ നിയമനങ്ങൾക്കും ഇത് ബാധകമായിരിക്കുമെന്നും തീരുമാനിച്ചു.

ടി വിവരം റിക്രൂട്ട്മെന്റ് ബോർഡിനെ അറിയിക്കുന്നതിന് ഉത്തരവാകുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡിനു വേണ്ടി

(ഒപ്പ്)
സെക്രട്ടറി

പകർപ്പ് :-

1. ദേവസ്വം കമ്മീഷണർ
2. ജോയിന്റ് ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവിതാംകൂർ ദേവസ്വം ബോർഡ്
3. സെക്രട്ടറി, കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് - കവറിംഗ് ലറ്റർ സഹിതം
4. എല്ലാ ഡിപ്പാർട്ട്മെന്റ്/ആഫീസ് മേധാവികൾക്കും
5. ഇ.ഡി.പി. സെക്ഷൻ
6. എസ്റ്റാ-2 സെക്ഷൻ ബോർഡ് ആഫീസ്
7. മിസ് -1 & 3 സെക്ഷൻ, ബോർഡ് ആഫീസ്
8. സെക്ഷൻ ഫയൽ
9. ഫയൽ ബുക്ക്
10. ഫെയർ ആഫീസ് കോപ്പി.

അംഗീകാരത്തോടെ/പുറപ്പെടുവിക്കുന്നത്

അസിസ്റ്റന്റ് സെക്രട്ടറി

SK